"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - പാലക്കാട് ജില്ലയിലെ ശിശുസംരക്ഷണ സ്ഥാപനത്തിൽ കഴിയുന്ന ഭിന്നശേഷിക്കാരനായ മണ്ടു കുമാർ (ബാല) എന്ന കുട്ടിയെ വിമാന മാർഗ്ഗം സ്വദേശത്തേയ്ക്ക് തിരികെ അയക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.24/2026/WCDD തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:- വനിത ശിശു വികസന ഡയറക്ടറുടെ 05-11-2025 തീയതിയിലെ DWCD/566/2025-ICPS 3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ശിശുസംരക്ഷണ സ്ഥാപനത്തിൽ താമസിപ്പിച്ചിട്ടുള്ള അരയ്ക്ക് താഴ്ഭാഗം ചലനശേഷിയില്ലാത്തതും സംസാരശേഷിയില്ലാത്തതും ഭിന്നശേഷിക്കാരനുമായ മണ്ടുകുമാർ (ബാല) എന്ന കുട്ടിയെ സ്വന്തം സ്ഥലമായ വെസ്റ്റ് ചമ്പാരൻ, ബീഹാർ എന്ന സ്ഥലത്തേയ്ക്ക് പുനരധിവസിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും കുട്ടിക്ക് അരയ്ക്ക് താഴ്ഭാഗം ചലിക്കാത്തതിനാലും സംസാരശേഷിയില്ലാത്തതിനാലും ദീർഘദൂര ട്രെയിൻ യാത്ര കുട്ടിയുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുമെന്നും ആയതിനാൽ പാലക്കാട് ശിശു സംരക്ഷണ സ്ഥാപനത്തിൽ കഴിയുന്ന മണ്ടു കുമാർ (ബാല) എന്ന കുട്ടിയെ സ്വന്തം സ്ഥലമായ വെസ്റ്റ് ചമ്പാരൻ, ബീഹാർ എന്ന സ്ഥലത്തേയ്ക്ക് പുരനധിവസിപ്പിക്കുന്നതിന് കോയമ്പത്തൂർ വിമാനത്താവളത്തിൽ നിന്നും ഗോരഖ്പൂർ വിമാനത്താവളത്തിലേയ്ക്ക് കുട്ടിയെ അനുഗമിച്ച് പോകുന്ന 3 പേർക്കും (2 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ) വിമാനയാത്രാനുമതി ആവശ്യമാണെന്നും ഇതിലേക്കായി ആവശ്യം വരുന്ന ചിലവ് മിഷൻ വാത്സല്യ പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ റിപ്പാട്രിയേഷൻ ഇനത്തിൽ നിന്നും ചിലവഴിക്കാൻ കഴിയുമെന്നും പരാമർശം പ്രകാരം ഡയറക്ടർ അറിയിച്ചിരുന്നു.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പാലക്കാട് ശിശു സംരക്ഷണ സ്ഥാപനത്തിൽ കഴിയുന്ന മണ്ടു കുമാർ (ബാല) എന്ന കുട്ടിയ്ക്കും അനുഗമിച്ച് പോകുന്ന 3 പേർക്കും(2 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ) കോയമ്പത്തൂർ നിന്നും ഗോരഖ്പൂർ (ഒരു വശത്തേക്ക് മാത്രം വിമാനമാർഗം) വരെ സഞ്ചരിക്കുന്നതിനും അനുഗമിക്കുന്നവർക്ക് തിരികെ ട്രെയിനിൽ വരുന്നതിനുമുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
സെക്ഷൻ ഓഫീസർ
Date: 14-01-2026 11:05:03